പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5812 — 27.10.2011 ൽ മറുപടിയ്ക്ക്

## കർഷക പെൻഷൻ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. ആർ. സെൽവരാജ് : | ***ശ്രീ . കെ.പി. മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഏതെല്ലാം കർഷകർക്കാണ് ഇപ്പോൾ പെൻഷൻ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ഒരു ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ളവരും ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവരും 01-04-2009-ൽ 60 വയസ്സ് പൂർത്തിയായവരുമായ നെൽ കർഷകർക്കാണ് ഇപ്പോൾ പെൻഷൻ നൽകിവരുന്നത്.<br>സർക്കാർ ഉത്തരവ് നം.197/2011/കൃഷി തീയതി 16/8/2011 പ്രകാരം സംസ്ഥാനത്തെ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും കൂടി പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) ഓരോ വിഭാഗം കർഷകർക്കും പെൻഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെന്നും നൽകിവരുന്ന പെൻഷൻ തുക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) ഇപ്പോൾ നൽകി വരുന്ന നെൽകർഷകർക്കുള്ള പെൻഷൻ പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) പത്ത് വർഷത്തോളം കാർഷിക വൃത്തിയിൽ വ്യാപൃതരാകുകയും നിലവിൽ കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായുള്ള കർഷകനായിരിക്കണം.<br>(2)മറ്റ് ക്ഷേമ പദ്ധതി, പെൻഷൻ തുടങ്ങിയവരുടെ പ്രയോജനം ലഭിക്കാത്ത ആൾ ആയിരിക്കണം. |

(3) ഒരു ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമിയുള്ളവരും, ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവരും ആയിരിക്കണം.

(4) 01/04/2009- ൽ 60 വയസ്സ് പൂർത്തിയായിരിക്കണം.

(5) ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രമായി പെൻഷൻ പരിമിതപ്പെടുത്തിയിരിക്കുന്നു.

(6) പ്രതിമാസം 300/- രൂപ (മൂന്നുറ് രൂപ മാത്രം) നിരക്കിലാണ് ഇപ്പോൾ പെൻഷൻ നൽകി വരുന്നുത്

(സി) 2011-12 പരിഷ്കരിച്ച ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഏത് വിഭാഗം കർഷകർക്കാണ് പെൻഷൻ ലഭിക്കുക എന്നും, ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

(സി) സ.ഉ.(എം.എസ്)197/2011/കൃഷി തീയതി 16/8/2011 പ്രകാരം ഒരു ഹെക്ടറോ അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മൂന്നുറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന പദ്ധതി അംഗീകരിച്ചു കൊണ്ടും പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്.

R. R. Baliga

സെക്ഷൻ ഓഫീസർ